പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന ജീവനക്കാർ**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2142 | 05.12.2018-ൽ മറുപടി

ചോദ്യം | മറുപടി

ശ്രീ. വി.എസ്.ശിവകുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന സർക്കാർ ജീവനക്കാരെ സർവ്വീസിൽ നിന്നും ഉടൻതന്നെ സസ്പെന്റ് ചെയ്യണമെന്ന് സർവ്വീസ് ചട്ടങ്ങളിൽ അനുശാസി ക്കുന്നുണ്ടോ; | (എ) | Kerala Civil Service (Classification Control and Appeal Rule), ചട്ടം, 18 പ്രകാരം ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന സർക്കാർ ജീവനക്കാരെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് അല്ലെങ്കിൽ റിമൂവ് ചെയ്യുവാൻ ചട്ടം അനുശാസിക്കുന്നു. ജീവനക്കാരന്റെ ക്രിമിനൽ കുറ്റത്തെ സംബന്ധിച്ച് അന്വേഷണമോ വിചാരണയോ നേരിടുമ്പോഴോ, അച്ചടക്ക നടപടി നിലനിൽക്കുമ്പോഴോ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യാവുന്നതാണ്. |
| (ബി) | ഉദയകുമാർ ഉരുട്ടി കൊലക്കേസിലെ സി.ബി.ഐ കോടതി ശിക്ഷിച്ച ഉദ്യോഗസ്ഥർ ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; | (ബി) | കാലതാമസം ഉണ്ടായിട്ടില്ല. |
| (സി) | പ്രസ്തുത പോലീസ് ഉദ്യോഗസ്ഥരെ എന്നാണ് സി.ബി.ഐ കോടതി ശിക്ഷിച്ചത്; അവർക്കെ തിരെ വകുപ്പുതല നടപടി സ്വീകരിച്ചത് എന്നാണ്? | (സി) | 25.07.2018 തീയതിയിലാണ് സി.ബി.ഐ കോടതി ശിക്ഷ വിധിച്ചത് ഇതേ തുടർന്ന് ജിതകുമാർ എ.എസ്.ഐ, ശ്രീകുമാർ, സി.പി.ഒ.റ്റി 1795 എന്നിവരെ 07.08.2018 തീയതിയിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തു. ശ്രീ.റ്റി.അജിത് കുമാർ, ഡി.വൈ.എസ്.പി-യെ അച്ചടക്കനടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും 22.10.2018 തീയതിയിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.ഇ.കെ.സാബു, എസ്.പി (റിട്ടയേർഡ്), ശ്രീ.ടി.കെ.ഹരിദാസ്, എസ്.പി (റിട്ടയേർഡ്), ശ്രീ.റ്റി.അജിത് കുമാർ, ഡി.വൈ.എസ്.പി എന്നിവർക്ക് 25.10.2018 തീയതിയിൽ അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ